| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
# MIDDLE SECTION
# HALF YEARLY EXAMINATION 2019-20

## MALAYALAM

Code: MZML01

CLASS: VIII

Time Allotted: 2 ½ Hrs.

17.09.2019

Max .Marks: 80

**General Instructions :**

1. **All questions are compulsory.**
2. **All answers should be written in the answer sheet provided.**

Qns | Marks

1. **ബ്രാക്കറ്റിൽ നിന്നും ശരിയായ അർഥം തെരഞ്ഞെടുത്തെഴുതുക** ½ x 4=2

(പെട്ടി, വഴക്ക്, പുസ്തകം, ക്ഷീണിച്ചവൾ, സ്നേഹം)

1. വിവശ
2. ഗ്രന്ഥം
3. അൻപ്
4. കലഹം

2. **പര്യായം എഴുതുക** 1 x 5= 5

1. കൈ
2. വഴി
3. രാവ്
4. അഗ്നി
5. തനയൻ

3. **വിപരീതം എഴുതുക** ½ x 4=2

1. ഓർമ
2. അസംശയം
3. സുലഭം
4. രക്ഷ

4. **എതിർലിംഗമെഴുതുക** ½ x 4=2

1. ബാലൻ
2. സമർഥൻ

3. വിവശ
4. രാജാവ്

5. **അർഥവ്യത്യാസം എഴുതുക** 1 x 4= 4

1. ചേല
   ചേല്
2. അംഗം
   അങ്കം
3. നൂനം
   ന്യൂനം
4. ശാസന
   വാസന

6. **നാനാർഥം എഴുതുക** 1x 5= 5

1. വാസന
2. കാലത്ത്
3. മൂലം
4. ആണ്ട്
5. ചിത്രം

7. **ശരിയായപദം തെരഞ്ഞെടുത്തെഴുതുക** ½ x 4=2

1. മന്ദമാരുതൻ, മന്ധമാരുതൻ, മന്തമാരുതൻ
2. അസ്തിരം, അസ്ഥിരം, അസ്ദിരം
3. സ്വർഗം, സ്വർകം, സ്വർഖം
4. കൃതഞ്ജത, കൃതഞ്ചത കൃതജ്ഞത

8. **പിരിച്ചെഴുതി സന്ധി നിർണയിക്കുക** 1x 5= 5

1. തെല്ലിട
2. ഓമനക്കണ്ണുകൾ
3. ഉന്മുഖതയാർന്നു
4. ഭയങ്കരമായ
5. വാഴപ്പഴങ്ങൾ

9. **വാക്യത്തിൽ പ്രയോഗിക്കുക** 1½x3=4½

1. ആളിക്കത്തുക
2. അത്ഭുതമുളവാക്കുക
3. മനോരാജ്യത്തിലാണ്ടുനിൽക്കുക

10. **പദശുദ്ധി വരുത്തുക** ½ x 4=2

1. അന്ദകാരം
2. മുഖച്ഛായ
3. കരസ്തമാക്കുക
4. താരാട്ടാലാഭം

11. **വിഗ്രഹിച്ചെഴുതുക** 1x 4= 4

1. സുന്ദരസംഗീതം
2. താരാജാലം
3. ദുർഗർവ്
4. ആലിൻചുവട്

12. **ചേരുംപടി ചേർക്കുക** ½ x 5=2½

| | | |
|---|---|---|
| 1. അമ്മയും മകനും | – | വി. ടി. ഭട്ടതിരിപ്പാട് |
| 2. യേശുവിൻെറ ബാല്യം | – | ഉള്ളൂർ എസ്. പരമേശ്വരയ്യർ |
| 3. വീണപൂവ് | – | കുഞ്ചൻനമ്പ്യാർ |
| 4. കെടാവിളക്ക് | – | കെ. പി. കേശവമേനോൻ |
| 5. കനകം മൂലം കാമിനിമൂലം | – | ചെറുശ്ശേരി |
| | – | കുമാരനാശാൻ |

13. **കൂട്ടത്തിൽ യോജിക്കാത്തത് എടുത്തെഴുതുക** ½ x 4=2

1. കഴിഞ്ഞകാലം, കണ്ണീരുംകിനാവും, ജീവിതസ്മരണകൾ, പുഷ്പവാടി
2. കുമാരനാശാൻ, കുഞ്ചൻനമ്പ്യാർ, ഉള്ളൂർ, വള്ളത്തോൾ
3. ഉത്തമാംഗം, ശിരസ്സ്, മൃണാളം, തല
4. മരത്തോണി, പാവകൾ, കിങ്ങിണി, ഓണവില്ല്

14. **ഒറ്റപ്പദം എഴുതുക** 1x 4= 4

1. മോതിരം ഇടുന്ന വിരൽ
2. പുതിയ നിലാവ്
3. പാർഥിവന്മാരിൽ വരനായിട്ടുള്ളവൻ
4. പാലും വെണ്ണയും

15. **പ്രയോഗം മാറ്റുക** 1x 4= 4

1. ആശാൻ എഴുതിയ ഖണ്ഡകാവ്യമാണ് വീണപൂവ്.
2. കണക്ക്മാസ്റ്റർ തിയ്യാടിപ്പെൺകുട്ടിയെ പുറത്തുനിർത്തും.
3. യേശു അമ്മയെ വീട്ടുജോലികളിൽ സഹായിക്കുന്നു.
4. ശൈശവത്തിൽ, ലത പൂവിനെ ലാളിച്ചു.

16. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് പൂരിപ്പിക്കുക** ½ x 4=2

1. "അർജുനനിഹ ഞാൻ വാളു കൊടുത്തു"- ഈ വരിയിലെ ഞാൻ ആരാണ്?

   (പരമശിവൻ, ദേവേന്ദ്രൻ, ദുര്യോധനൻ)

2. വി.ടി. ഭട്ടതിരിപ്പാടിന്റെ പ്രസിദ്ധമായ നാടകം ഏത്?

   (നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, ആ മനുഷ്യൻ നീ തന്നെ)

3. "യേശുവിനെപ്പറ്റി വിചാരിക്കുമ്പോൾ എന്താണ് ചെയ്യേണ്ടതെന്നറിയാതെ ഞാൻ കുഴങ്ങുകയാണ്" - യോസെഫ് ആരോട് പറയുന്ന വാക്കുകളാണിവ?

   (മറിയയോട്, അയൽവാസിയോട്, അധ്യാപകനോട് )

4. പൂവിന് താരാട്ടുപാട്ടായി മാറിയത് എന്താണ്?

   (ആലോലവായു, ദലമർമ്മരം, ബാലാതപം)

17. **പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** 5x 1= 5

അമ്മയ്ക്കു ....................................

................................വരുത്ത വേണം; **(10 വരികൾ)**

18. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 1x 5= 5

പതിനെട്ടു വയസ്സിന്റെ എല്ലാ ധീരതയും കുസൃതിയും നിറഞ്ഞ ഒരു മിടുക്കൻ. അച്ഛനമ്മമാർ ഏറെ സ്വപ്നം കണ്ട് ലാളിച്ചു വളർത്തിയവൻ. മിടുക്കിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിങ് കോളേജിൽ കയറിയവൻ. ആ കുട്ടി നാളെ അഭിമാനത്തോടെ ജയിച്ചിറങ്ങി ഈ നാടിനെ അന്തസ്സായി സേവിക്കേണ്ടവനാണ്. ഒരു കുടുംബം പോറ്റേണ്ടവനാണ്. അവൻ, ഇതാ ചുരുണ്ട മുടിയാകെ ജട പിടിച്ച്, എല്ലും തോലുമായി ഭ്രാന്താശുപത്രിയുടെ അഴികൾ പിടിച്ചു കുലുക്കി അലറിക്കൊണ്ടു നിൽക്കുന്നു!......

ഈ കുട്ടിയെപ്പോലെ പതിനായിരക്കണക്കിനു ചെറുപ്പക്കാരാണ് മദ്യവും മയക്കുമരുന്നും മൂലം നശിച്ചുകൊണ്ടിരിക്കുന്നത്. ആദ്യം തുടങ്ങുക സിഗരറ്റുവലിയിലാണ്. താൻ കുട്ടിയല്ല സ്വന്തം ഇഷ്ടപ്രകാരം നടക്കുന്ന

പുരുഷനാണ് എന്നു ഭാവിക്കലാണ് തുടക്കം. പുകവലിയുടെ വിഷം ശ്വാസകോശങ്ങളെ കാർന്നുതിന്നുമെന്നു പറഞ്ഞാലൊന്നും വിലപ്പോകുന്നില്ല. പിന്നീടു മദ്യമായി, വലിയ ഹോട്ടലുകളിൽ ചെന്നിരുന്ന് ഒരു പതയുന്ന ഗ്ലാസും കൈയിൽ പിടിച്ച് വർത്തമാനം പറഞ്ഞിരിക്കുമ്പോൾ താൻ വലിയ ആളായി എന്നു സ്വയം തോന്നുന്നു. പുകയിലയും മദ്യവും നൽകുന്ന ലഹരി പോരാതെ വരുമ്പോൾ പതുക്കെപ്പതുക്കെ കഞ്ചാവിൻെറയും മയക്കുമരുന്നിൻെറയും ലോകത്തിലേക്കു നീങ്ങിത്തുടങ്ങുന്നു.

കുട്ടികളേ, നിങ്ങളെ രക്ഷിക്കാൻ മറ്റാർക്കും കഴിയില്ല. നിങ്ങളെ രക്ഷിക്കേണ്ടത് നിങ്ങൾ മാത്രമാണ്. നിങ്ങളുടെ തലമുറ ഇത്ര വിഡ്ഢികളായിക്കൂടാ. സ്വയം നാശത്തിൻെറ പാതയിലൂടെ നിങ്ങൾ വേച്ചുവേച്ചു നടന്നുകൂടാ. ഓർത്തു നോക്കൂ. നിങ്ങളെപ്പോലെ ചൈതന്യമുള്ള കുട്ടികൾ സാമൂഹികവിരുദ്ധരായി, കുറ്റവാളികളായി, മഹാരോഗികളായി ഇഞ്ചിഞ്ചായി മരിക്കുന്നത്! ഇതെല്ലാം ആരംഭിക്കുന്നത് തത്കാലത്തെ കൂട്ടുകൂടിയുള്ള വെറും ഒരു നേരമ്പോക്കിൽ നിന്ന്.........!

നിവർന്ന നട്ടെല്ലോടെ, ഉയർന്ന ശിരസ്സോടെ, തെളിഞ്ഞ ബുദ്ധിയോടെ, ശുദ്ധരായി, അഭിമാനികളായി വളർന്നുവരാൻ നമ്മുടെ കുഞ്ഞുങ്ങൾക്കു കഴിയുമാറാകട്ടെ. അതു കാണാനുള്ള ഭാഗ്യം അവരുടെ മാതാപിതാക്കൾക്കും അവരെ പെറ്റ നാടിനും ഉണ്ടാകട്ടെ.

**ചോദ്യങ്ങൾ**

1. പുകവലിക്കുന്നവരോട് പറഞ്ഞാൽ വിലപ്പോകാത്ത കാര്യമെന്ത്?
2. പുകയിലയും മദ്യവും നൽകുന്ന ലഹരി പോരാതെ വരുമ്പോൾ കുട്ടികൾ പതുക്കെ ആശ്രയിക്കുന്നത് എന്തിനെയാണ്?
3. മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും ഏതെങ്കിലും രണ്ട് ദൂഷ്യഫലങ്ങൾ എഴുതുക
4. കുട്ടികളായ നിങ്ങൾ എങ്ങനെയാണ് വളർന്നുവരേണ്ടത്?
5. മുകളിൽ കൊടുത്തിരിക്കുന്ന ഖണ്ഡികയ്ക്ക് ഉചിതമായ ഒരു തലക്കെട്ട് നൽകുക

19. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** ½ x 4=2

1. "വഴീല് കണ്ടോരോടൊക്കെ 'കൊഞ്ഞ്യാരം' പറഞ്ഞങ്ങനെ നിൽക്കും"– ആരെയാണ് അമ്മ ഇങ്ങനെ ശാസിച്ചത്?
2. അധികതുംഗപദത്തിൽ പൂവ്, ശോഭിച്ചിരുന്നത് ആരെ പോലെയായിരുന്നു?

3. “ഞാണറ്റുപോകൊല്ല ഞാൻ വരുമ്പോൾ”- എന്താണ് ഞാണറ്റു പോകാതെ സൂക്ഷിച്ചുവയ്ക്കണം എന്ന് കൃഷ്ണൻ പറയുന്നത്?

4. തുള്ളൽ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവാര്?

20. **ഉത്തരമെഴുതുക** 4x 4=16

1. കവി പൂവിൻെറ ശൈശവത്തെ എപ്രകാരമാണ് അവതരിപ്പിക്കുന്നത്?

2. ‘ലജ്ജ കൊണ്ട് ഞാനില്ലാതായി’– സന്ദർഭവും ആശയവും വിശദമാക്കുക

3. അമ്മയോടു പറയുന്നതിനായി കൃഷ്ണൻ നന്ദഗോപരോട് പറഞ്ഞേൽപ്പിക്കുന്ന കാര്യങ്ങളേവ?

4. വാസവന് ഭീതിയുണ്ടാകാൻ കാരണം എന്ത്?

---------------------------